A

# സമഗ്ര ശിക്ഷാ കേരളം

402

## അർധവാർഷിക മൂല്യനിർണയം 2022-23

## മലയാളം

ക്ലാസ് - 4 | സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര്.......................................................

വിദ്യാലയത്തിന്റെ പേര് .............................................

ഡിവിഷൻ ...................................................................

രക്ഷിതാവിന്റെ ഒപ്പ്.....................................................

അധ്യാപകന്റെ ഒപ്പ് .......................................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | വായിക്കാം കണ്ടെത്താം | |
| 2 | സംഭാഷണം പൂർത്തിയാക്കാം | |
| 3 | വിളംബരം തയാറാക്കാം | |
| 4 | കളിവിവരണം | |
| 5 | ആസ്വാദനക്കുറിപ്പ് | |
| 6 | വരികൾ കൂട്ടിച്ചേർക്കാം | |
| | ഓവറോൾ ഗ്രേഡ് | |

1. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടുമുതൽ ആറുവരെ പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.
2. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുൻപ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
3. ഉത്തരമെഴുതാൻ കൂടുതൽ സ്ഥലം ആവശ്യമെങ്കിൽ കുട്ടികൾക്ക് അധികം കടലാസ് ഉപയോഗിക്കാം.

### പ്രവർത്തനം 1. വായിക്കാം കണ്ടെത്താം



പുത്തൻകുപ്പായമിട്ട് പുസ്തകസഞ്ചിയുമെടുത്ത് കുട്ടൻ സ്കൂളിലേക്ക് പുറപ്പെട്ടു. കിളിവാലൻകുന്നു കയറി നടക്കുമ്പോൾ അവൻ ഒരു കരച്ചിൽ കേട്ടു.
ചുറ്റും നോക്കി. അതാ ഒരു പട്ടം.
“എന്തിനാ പട്ടം കരയുന്നത്?”
അവൻ അടുത്തേക്കു ചെന്നു.
“അയ്യോ, ആകെ കീറിപ്പറിഞ്ഞിരിക്കുന്നല്ലോ!”
പട്ടമെടുത്ത് മടിയിൽ വച്ചു. മുറിവുകളെല്ലാം തുന്നിക്കെട്ടി.
സുന്ദരിപ്പട്ടത്തിന് സന്തോഷമായി. കുട്ടൻ അവളെ മാനത്തേക്ക് പറത്തിവിട്ടു. നിറഞ്ഞ മനസ്സോടെ സുന്ദരിപ്പട്ടം നീലാകാശത്ത് നൃത്തമാടി.

**കഥ വായിച്ചല്ലോ. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതൂ.**

1. ആരുടെ കരച്ചിലാണ് കുട്ടൻ കേട്ടത്?
   എ) കുട്ടികളുടെ
   ബി) പക്ഷികളുടെ
   സി) പട്ടത്തിന്റെ
   ഡി) ആകാശത്തിന്റെ

2. 'ആകാശം' എന്നർഥം വരുന്ന ഒരു പദംകൂടി കഥയിലുണ്ട്. കണ്ടെത്തി എഴുതു.

3. കുട്ടൻ പട്ടത്തെ എങ്ങനെയെല്ലാമാണ് സഹായിച്ചത്?

4. തന്നിരിക്കുന്ന വാക്യത്തിലെ അടിവരയിട്ട പദം പിരിച്ചെഴുതുക.

സുന്ദരിപ്പട്ടം നൃത്തമാടി

5. ഈ കഥക്ക് അനുയോജ്യമായ ഒരു തലക്കെട്ട് നൽകു.

**പ്രവർത്തനം 2. സംഭാഷണം പൂർത്തിയാക്കാം**

കുട്ടൻ ഓടിക്കിതച്ച് സ്കൂൾമുറ്റത്തെത്തി. കൂട്ടുകാർ ചുറ്റും കൂടി. കാര്യം അന്വേഷിച്ചു. അവർ തമ്മിൽ എന്തൊക്കെയാവും പറഞ്ഞിട്ടുണ്ടാവുക?

സംഭാഷണം പൂർത്തിയാക്കു.

റഹീം : എന്താ നീയിത്ര വൈകിയത്?

കുട്ടൻ : ..........................................................................

റഹീം : ..........................................................................

കുട്ടൻ : ..........................................................................

റഹീം : ..........................................................................

കുട്ടൻ : ..........................................................................

റഹീം : ..........................................................................

കുട്ടൻ : ..........................................................................

**പ്രവർത്തനം 3. വിളംബരം തയാറാക്കാം**

കുട്ടന്റെ ക്ലാസ്സിൽ വായനച്ചങ്ങാത്തം പ്രവർത്തനങ്ങൾ ആരംഭിച്ചു. ക്ലാസ് ലൈബ്രറിയിലേക്ക് കൂടുതൽ പുസ്തകങ്ങൾ വേണം. നാട്ടുകാരിൽനിന്ന് പുസ്തകങ്ങൾ ശേഖരിക്കാം. ഈ വിവരം നാട്ടുകാരെ അറിയിക്കണം. പുസ്തകങ്ങൾ ഏറ്റുവാങ്ങുന്ന സ്ഥലവും തീയതിയും സമയവും നിശ്ചയിച്ചു.

കുട്ടനും കൂട്ടുകാരും ചേർന്ന് ഒരു വിളംബരം തയാറാക്കി. നിങ്ങളുടെ ക്ലാസ്സ് ലൈബ്രറിയിലും കൂടുതൽ പുസ്തകങ്ങൾ വേണ്ടേ? അതിനായി ഒരു വിളംബരം തയാറാക്കൂ.



## പ്രവർത്തനം 4. കളിവിവരണം

കുട്ടനും കൂട്ടുകാരും മൈതാനത്ത് ഒത്തുകൂടി.

"നമുക്ക് കളിച്ചാലോ" കുട്ടൻ പറഞ്ഞു.

"ഏതു കളി കളിക്കും? റഹീം ചോദിച്ചു.

"ഒരു നാടൻകളിയാവാം." കൂട്ടുകാർ സമ്മതിച്ചു.

കുട്ടനും കൂട്ടുകാർക്കും കളിക്കാനായി നിങ്ങൾക്കറിയാവുന്ന ഒരു നാടൻകളിയുടെ വിവരണം തയാറാക്കിക്കൊടുക്കൂ.

## പ്രവർത്തനം 5. ആസ്വാദനക്കുറിപ്പ്

വായനച്ചങ്ങാത്തത്തിന്റെ ഭാഗമായി ക്ലാസ്സിൽ ആസ്വാദനക്കുറിപ്പു തയാറാക്കൽ മത്സരം നടക്കുകയാണ്. മത്സരത്തിനു നൽകിയ കവിത താഴെക്കൊടുത്തിരിക്കുന്നു. ആസ്വാദനക്കുറിപ്പു തയാറാക്കി നിങ്ങൾക്കും മത്സരത്തിൽ പങ്കെടുക്കാം.

**തെങ്ങ്**

പച്ചോലക്കുട ചൂടിക്കൊണ്ടേ,
പൂക്കുലമാലയണിഞ്ഞും കൊണ്ടേ,
ഇളനീർക്കുടവും താങ്ങിക്കൊണ്ടേ,
തെങ്ങുകൾ നിന്നു കുണുങ്ങുന്നുണ്ടേ,
ദൂരത്തൂന്നു വരുന്നോരേ,
ദാഹിച്ചേറെ വലഞ്ഞോരേ,
മധുരത്തെളിനീർ മോന്താമേ,
ദാഹം തീർത്തു നടക്കാമേ.
നല്ല മരങ്ങൾ കേരങ്ങൾ
നമ്മുടെ നാടിനു ഭാഗ്യങ്ങൾ
കേരം തിങ്ങും നാടിനെയല്ലോ
കേരളമെന്നു വിളിക്കുന്നൂ.



**പ്രൊഫ: പന്മന രാമചന്ദ്രൻനായർ**

## പ്രവർത്തനം 6. വരികൾ കൂട്ടിച്ചേർക്കാം

ക്ലാസ്സിൽ കൃഷിപ്പതിപ്പ് തയാറാക്കാൻ തീരുമാനിച്ചു. റഹീം ഒരു ചിത്രം വരച്ചു. കുട്ടൻ ഒരു കവിത എഴുതാൻ തുടങ്ങി. വരികൾ കൂട്ടിച്ചേർത്ത് കവിത പൂർത്തിയാക്കൂ. തലക്കെട്ടും നൽകണേ.



| |
|---|
| |

നിലമുഴുതു മറിച്ചീടാം
വിത്തു നന്നായ് വിതച്ചീടാം
വിത്തു മുളച്ചു വരുന്നേരം
മെച്ചമുള്ളവ നട്ടീടാം

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................